അന്തരിച്ചു

ആക്കോടൻ അമ്പു

കാഞ്ഞങ്ങാട്: വിമുക്തഭടൻ കൊളവയൽ അംബികാനിവാസിലെ ആക്കോടൻ അമ്പു (75) അന്തരിച്ചു. ഭാര്യ: മുട്ടത്ത് നാരായണി. മക്കൾ: എം.അംബിക, എം. അനിൽ, എം. അജയൻ, എം. അജിത, മരുമക്കൾ: എൻ. ബാലചന്ദ്രൻ, എം. ജിഷ, അശ്വതി, എ. അജിത്ത്. സഹോദരങ്ങൾ: പരേതരായ എ.കണ്ണൻ അന്തിത്തിരിയൻ, എ. കുഞ്ഞിരാമൻ, എ. കൃഷ്ണൻ, എ.ജാനകി, എ. കുഞ്ഞമ്മ, എ. മാധവി, എ, ശാന്ത.

ടോമി കുര്യാക്കോസ്

കാഞ്ഞങ്ങാട്: മാവുങ്കാൽ മിൽമ കാസർകോട് ഡയറി പ്ലാന്റ് ഓപ്പറേറ്റർ രാജപുരം നാരമംഗലത്ത് ടോമി കുര്യാക്കോസ് (46) അന്തരിച്ചു. പരേതനായ കുര്യാക്കോസിന്റെ മകനാണ്. ഭാര്യ: ഷിജി ടോമി. മകൻ: അരുൺ ടോമി. സഹോദരങ്ങൾ: ജോസ്, സാലി സണ്ണി, ഫാ. ബിനോയ് നാരമംഗലത്ത്.

ബാക്കോട്ട് കുട്ടിച്ചി

കാഞ്ഞങ്ങാട്: അരയിക്കടവ് റോഡിലെ ബാക്കോട്ട് കുട്ടിച്ചി (76) അന്തരിച്ചു. പരേതരായ പൊക്കൻ- തൊപ്പിച്ചി ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: നാരായണി, ശാന്ത, രാധ.

അസുഖത്തെ തുടർന്ന് മരിച്ചു

ബദിയഡുക്ക: അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ബെളിഞ്ച ചള്ളംന്തടുക്കയിലെ മാധവാചാര്യ (45)യാണ് മരിച്ചത്. പരേതരായ അപ്പയ്യ- ലീലാവതി ദമ്പതികളുടെ മകനാണ്. മാധവാചാര്യ അവിവാഹിതനാണ്. സഹോദരങ്ങൾ: ഗോപാലകൃഷ്ണ, ബാബു, വസന്തി, ശൈലജ, വിമല.

വീട്ടമ്മഹൃദയാഘാതം മൂലം മരിച്ചു

ക്കത്തങ്ങാട്:ഹൃദയാഘാത്തത്ത തുടർന്ന് വീട്ടമ്മ മരിച്ചു. പുതിയകോട്ട മാർക്കറ്റിനു സമീപത്ത് താമസിക്കുന്ന ആർ. ബാലചന്ദ്രന്റെ ഭാര്യയും കാഞ്ഞങ്ങാട് സപ്ലൈ ഓഫീസിലെ പാർട്ട് ടൈം ജീവനക്കാരിയുമായ ജെ.ജയന്തി (62)യാണ് ഇന്നു പുലർച്ചെ മരിച്ചത്. നെഞ്ചുവേദനയും ശ്വാസ തടസവും അനുഭവപ്പെട്ടതിനെ തുടർന്ന് മാവുങ്കാലിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മക്കൾ: വിഷ്ണു പ്രസാദ്, ശരത്.മരുമകൾ: രാജി. സഹോദരങ്ങൾ:ജെ.ഗീത, ജെ.പൂർണ്ണിമ.

സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനു സഹായം

കാസർകോട്: ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി സ്കീമിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് അപേക്ഷക്ഷണിച്ചു. താത്പര്യമുള്ളവർ www.buymysun.com പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ആവശ്യമായ രേഖകൾ സമർപ്പിക്കണം. ആദ്യ മൂന്ന് കിലോവാട്ടിന് 40 ശതമാനം സബ്സിഡിയും അധികമായി വരുന്ന 10 കിലോവാട്ട് വരെയുള്ള നിലയങ്ങൾക്ക് ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയും ലഭ്യമാകും

പുത്തിഗെയിൽ അധികാരം നിലനിറുത്താനും പിടിച്ചെടുക്കാനും മുന്നണികൾ; തെരഞ്ഞെടുപ്പ് ചൂട് കൂടുന്നു

പുത്തിഗെ: സി.പി.എം ഭരണത്തിലുള്ള പുത്തിഗെ പഞ്ചായത്തിൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിനു കളമൊരുങ്ങുന്നു.ഭരണം നിലനിർത്താൻ സി.പി.എം നേതൃത്വം നൽകുന്ന ഇടതുപക്ഷവും ഭരണം പിടിക്കാൻ യു.ഡി.എഫും ബി.ജെ.പിയും എല്ലാ അവസാന അടവുകളും ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.14 അംഗ പഞ്ചായത്തിൽ കഴിഞ്ഞ തവണ 10 സീറ്റുകൾ ഇടതുപക്ഷം തൂത്തുവാരിയിരുന്നു. ഇതിൽ എട്ടു സീറ്റ് സിപിഎമ്മും ഒരെണ്ണം സി.പി.എംസ്വതന്ത്രനും ഒരു സീറ്റ് സിപിഐക്കുമായിരുന്നു. 1,2,3,4,5,7,13,14 എന്നീ വാർഡുകളിൽ സി.പി.എം പ്രതിനിധികൾ ജയിച്ചപ്പോൾ 12ൽ സിപിഎം സ്വതന്ത്രനും 11ൽ സി.പി.ഐയും വിജയപതാക പാറിച്ചു. 10-ാം വാർഡിൽ ബി.ജെ.പി വിജയിച്ചു. ആറ്, ഒൻപത് വാർഡുകളിൽ മുസ്ലീംലീഗ് വിജയിച്ചപ്പോൾ എട്ടാം വാർഡിൽ മുസ്ലീംലീഗ് വിമതൻ പാർട്ടി സ്ഥാനാർത്ഥിയെ മലർത്തിയടിച്ചു. പിന്നീട് ഇദ്ദേഹം മുസ്ലീംലീഗിൽ ചേരുകയും ചെയ്തു.

കഴിഞ്ഞ 5 വർഷത്തെ പഞ്ചായത്തിലെ ഭരണ നേട്ടമാണ് സി.പി.എം ഈ തെരഞ്ഞെടുപ്പിൽ ഉയർത്തിക്കാട്ടുന്നത്. പദ്ധതി വിഹിതംതൊഴിലുറപ്പ് പരിപാടിയടക്കം പഞ്ചായത്തിലെ വികസനക്ഷേമ പദ്ധതികളെല്ലാം രാഷ്ട്രീയം നോക്കാതെ 14 വാർഡുകൾക്കും ഒരുപോലെ വീതിച്ചു നൽകിയെന്നു നേതാക്കൾ അവകാശപ്പെടുന്നു. വികസന രംഗത്തു ഇടതുമുന്നണി പഞ്ചായത്തിൽ വലിയ മുന്നേറ്റം നടത്തി.അത് കൊണ്ടു തന്നെ ജനങ്ങൾ ഇടതുപക്ഷത്തോടൊപ്പം നിൽക്കുമെന്നു നേതാക്കൾ പ്രത്യാശിക്കുന്നു.

അതേസമയം കഴിഞ്ഞ തവണ ഒരു സീറ്റ് കൊണ്ടുതൃപ്തിപ്പെടേണ്ടി വന്ന ബി.ജെ.പി വലിയ മുന്നേറ്റത്തിനുള്ള പടയൊരുക്കം പഞ്ചായത്തിൽ ആരംഭിച്ചു. കഴിഞ്ഞ തവണ നേരിയ വ്യത്യാസത്തിൽ തോൽവി ഏറ്റുവാങ്ങേണ്ടി വന്ന അഞ്ചു വാർഡുകൾ ഇത്തവണ തിരിച്ചു പിടിക്കുമെന്നു നേതൃത്വം പറയുന്നു.

പഞ്ചായത്തിൽ ഇടതുപക്ഷം അഴിമതി ഭരണമാണ് നടത്തുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ടെന്നാണ് അവരുടെ അഭിപ്രായം. അഴിമതിയെ ചോദ്യം ചെയ്യുന്നവരെ ഭീഷണിപ്പെടുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ വൻ ക്രമക്കേട് നടന്നിട്ടുണ്ടെന്നും ബി.ജെ.പി നേതാക്കന്മാർ പറയുന്നു. യു.ഡി.എഫിനു വലിയ പ്രതീക്ഷയാണ് പുത്തിഗെയിൽ ഈ തെരഞ്ഞെടുപ്പിലുള്ളത്. കഴിഞ്ഞ തവണ ലഭിച്ച മൂന്നു സീറ്റുകൾ നിലനിർത്തുകയും പുതുതായി നാലു വാർഡുകളിൽ വിജയ കിരീടം ചൂടുകയുമാണ് അവരുടെ ലക്ഷ്യം. അത് തെരഞ്ഞെടുപ്പിൽ ഉറപ്പാക്കുമെന്നും പഞ്ചായത്തുഭരണം പിടിക്കാനാകുമെന്നും പാർട്ടി നേതാക്കൾ പറയുന്നു. ഫണ്ട് വിതരണത്തിൽ ഭരണകക്ഷിയായ സി.പി.എം ചിറ്റമ്മ നയമാണ് പ്രതിപക്ഷത്തോട് കാണിക്കുന്നത്.യു.ഡി.എഫ് വാർഡുകളിൽ ഫണ്ട് നൽകിയിട്ടില്ല. പഞ്ചായത്ത് ഓഫീസിൽ തന്നെ അഴിമതി നടന്നു. ഇതു ജനങ്ങളോട് തുറന്നു പറയുമെന്നും യു.ഡി.എഫ് ഭാരവാഹികൾ പറയുന്നു.

കർഷകരും കർഷക തൊഴിലാളികളും കൂടുതലുള്ള പഞ്ചായത്താണ് പുത്തിഗെ. തുളുനാട്ടിൽ സി.പി.എം ശക്തി കേന്ദ്രമായി അറിയപ്പെടുന്ന പുത്തിഗെയിൽ ബി.ജെ.പിയും യു.ഡി.എഫും പ്രബല ശക്തികളാണ്. അതേസമയം ജനങ്ങൾ ആർക്കൊപ്പമാണെന്നു പ്രവചിക്കാനാവാത്ത അവസ്ഥയാണ് പഞ്ചായത്തിലിപ്പോൾ പ്രകടമാവുന്നത്.

ഇ ഡിക്ക് നിയമസഭാ സെക്രട്ടറിയുടെ നോട്ടീസ്

തിരു: എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റിന് നിയമസഭാ സെക്രട്ടറിയുടെ നോട്ടീസ്. സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് കാണിച്ചാണ് നോട്ടീസ്. ഒരാഴ്ചക്കകം മറുപടി നൽകണമെന്നാണ് ഇ ഡിയോട് ആവശ്യപ്പെട്ടിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതി അഴിമതിയുമായി ബന്ധപ്പെട്ട് ഇ ഡി ഇതു സംബന്ധിച്ച ഫയലുകൾ ആവശ്യപ്പെട്ടതിന് പിന്നാലെയാണ് നിയമസഭയുടെ അവകാശത്തെ ഹനിക്കുന്നതാണ് ഈ തീരുമാനമെന്ന് കാണിച്ച് ജയിംസ് മാത്യു എം എൽ എ പരാതി നൽകിയത്. ഈ പരാതിയെ തുടർന്നാണ് നോട്ടീസ് നൽകിയത്.

പലനാൾ കള്ളൻ; ഒരു നാൾ പിടിയിൽ

ബദിയഡുക്ക: ഒരു വർഷമായി ബദിയഡുക്ക ഗവ. ഹൈസ്കൂളിൽ നിന്നു ലാപ്ടോപ്പുകളും പണവും കവർച്ച ചെയ്ത കേസിൽ പൈവളികെ സ്വദേശിയെ പൊലീസ് അറസ്റ്റു ചെയ്തു.

പൈവളിക സ്വദേശിയും ബദിയഡുക്ക ചെന്നാർക്കട്ടയിൽ വാടക ക്വാർട്ടേഴ്സിൽ താമസക്കാരനുമായ രാധാകൃഷ്ണ (38)നെയാണ് ബദിയഡുക്ക പൊലീസ് അറസ്റ്റ് ചെയ്തത്. ബദിയഡുക്ക സ്കൂളിൽ നിന്നു മോഷ്ടിച്ച രണ്ടു ലാപ്ടോപ്പുകൾ പൊലീസ് ഇന്നലെ കണ്ടെടുത്തു. ചെങ്കൽ മേസ്ത്രിയായ രാധാകൃഷ്ണൻ ഒരു വർഷം മുമ്പ് ഇതേ സ്കൂളിൽ കല്ലു കെട്ടു പണിയെടുത്തിരുന്നു. പ്രതിയെ കോടതി റിമാന്റ് ചെയ്തു. ഇയാളെ കസ്റ്റഡിയിൽ ആവശ്യപ്പെടുമെന്നു എസ് ഐ വി കെ അനീഷ്, എ എസ് ഐ മാധവൻ എന്നിവർ അറിയിച്ചു. പട്രോളിംഗിനിടയിൽ സംശയകരമായി കാണപ്പെട്ടതിനെ തുടർന്നാണ് ഇന്നലെ ഇയാളെ പിടികൂടിയത്.

ജനകീയ കർമ്മസമിതിയുടെ നേതൃത്വത്തിൽ തുടരുന്ന അനിശ്ചിതകാല റിലേ സമരം

ചികിത്സാ സൗകര്യമില്ല; ജില്ലാ ആശുപത്രി സമരം ശക്തമാവുന്നു

കാഞ്ഞങ്ങാട്: കാസർകോട് ജില്ലാ ആശുപത്രി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കണമെന്നും, തെക്കിൽ കോവിഡ് ഹൊസ്പിറ്റൽ മതിയായ സംവിധാനത്തോടെ പ്രവർത്തിപ്പിക്കണമെന്നുമാവശ്യപ്പെട്ടു ജനകീയ കർമ്മ സമിതി നടത്തി വരുന്ന അനിശ്ചിതകാല റിലേ നിരാഹാര സമരം അഞ്ചു ദിവസം പിന്നിട്ടു. കഴിഞ്ഞ ദിവസത്തെ സമരം ജില്ലാ പരിസ്ഥിതി സമിതി പ്രസിഡണ്ട് ടി.വി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സാധാരണക്കാരായ മനുഷ്യർക്ക് ചികിത്സ നിഷേധിച്ചു കൊണ്ട് ജില്ലാ ആശുപത്രിയെ കോവിഡാശുപത്രിയായി മാറ്റിയതിലൂടെ ആദിവാസികളടക്കമുള്ള പാവങ്ങളുടെ നീതിയാണ് ലംഘിക്കപ്പെട്ടിരിക്കുന്നതെന്ന് രാജേന്ദ്രൻ പറഞ്ഞു. യൂസഫ്ഹാജി അദ്ധ്യക്ഷം വഹിച്ചു. രാജൻ, കുഞ്ഞിക്കണ്ണൻ, ഫൈസൽ, ടി പീറ്റർ, പവിത്രൻ പ്രസംഗിച്ചു. മുനീസ അമ്പലത്തറ, ജമീല എം.പി, ശാന്ത, ബിന്ദു.കെ. ചന്ദ്രൻ കെ.വി, വിജയൻ. സി ഉപവസിച്ചു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4840
പവന്: 38720
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

അവനീന്ദ്രനാഥ് ട്രസ്റ്റ് മുതിർന്ന കർഷകരെ ആദരിച്ചു

പൊയിനാച്ചി: അധ്യാപകവൃത്തിയോടൊപ്പം, കൃഷിപാഠത്തിലും നിറഞ്ഞ് നിന്ന മുൻചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ പി. അവനീന്ദ്രനാഥ് മാസ്റ്ററുടെ മൂന്നാം ചരമ വാർഷിക ദിനത്തിൽ, ചട്ടഞ്ചാൽ പി.അവനീന്ദ്രനാഥ് മാസ്റ്റർ ട്രസ്റ്റ് ചട്ടഞ്ചാൽ - പൊയിനാച്ചി പ്രദേശത്തെ മുതിർന്ന കർഷകരെ ആദരിച്ചു.ആടിയത്തെ എൺപത്തിമൂന്ന് വയസ്സുള്ള നാരായണി, കാർത്യായനി, മുകിലിലെ ചിരുത, മീത്തൽമാങ്ങാട്ടെ ഗംഗ, ആടിയത്തെ നാരായണി, കോളിയടുക്കത്തെ വിലാസിനി എന്നിവരെയാണ് ആദരിച്ചത്. ട്രസ്റ്റ് ചെയർമാൻ കൃഷ്ണൻ ചട്ടഞ്ചാൽ, കൺവീനർ കെ. രാഘവൻ, എസ് സുമിത്ര, ഹനീഫ്, യൂസുഫ്, സുലൈമാൻ ബാദുഷ എന്നിവരുടെ നേതൃത്വത്തിൽ കർഷരുടെ വീട്ടിലെത്തി പൊന്നാടയണിയിച്ചും, ഭക്ഷ്യധാന്യ കിറ്റു നൽകിയുമാണ് ആദരിച്ചത്.

ചട്ടഞ്ചാൽ അവനീന്ദ്രനാഥ് ട്രസ്റ്റ് പഞ്ചായത്തിലെ മുതിർന്ന കർഷകരെ ആദരിച്ചപ്പോൾ

ആദരിച്ചു

പാലക്കുന്ന്: മർച്ചന്റ് നേവി ജീവനക്കാരുടെ ഐക്യദിനാഘോഷവും മുതിർന്ന കപ്പലോട്ടക്കാരെ ആദരിക്കലും ക്ഷണിക്കപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തി.ചടങ്ങിൽ പാലക്കുന്നിൽ കുട്ടി ആധ്യക്ഷം വഹിച്ചു.

യുവതിയെയും മൂന്നു മക്കളെയും കാണാതായി

കുമ്പള: യുവതിയെയും മൂന്നു മക്കളെയും കാണാനില്ലെന്ന പരാതിയിൽ കുമ്പള പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. കോയിപ്പാടി കടപ്പുറം ബദ്രിയ നഗറിലെ സുമയ്യ (27)യെയും പത്തും, ഏഴും, രണ്ടും വയസ്സുള്ള മക്കളെയുമാണ് കാണാതായത്. ഈ മാസം മൂന്നിന് മക്കളെയും കൂട്ടി വീട്ടിൽ നിന്നും ഇറങ്ങിയ സുമയ്യ തിരിച്ചു വന്നില്ലെന്ന് കാണിച്ച് മാതാവ് ആമിന നൽകിയ പരാതിയിലാണ് കുമ്പള പൊലീസ് കേസെടുത്ത് അന്വേഷണം ഊർജ്ജിതമാക്കിയത്.

ബീഹാർ: അവസാനഘട്ട വോട്ടെടുപ്പ് ആരംഭിച്ചു

പട്ന: ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിലെ അവസാന ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. 15 ജില്ലകളിലെ 78 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്.

സീമാഞ്ചൽ മേഖലയിൽ നടക്കുന്ന ഈ വോട്ടെടുപ്പ് എല്ലാ മുന്നണികൾക്കും നിർണ്ണായകമാണ്. 243 അംഗ നിയമസഭയിലേക്ക് മൂന്നു ഘട്ടങ്ങളായാണ് വോട്ടെടുപ്പ് നടന്നത്. ചൊവ്വാഴ്ചയാണ് വോട്ടെണ്ണൽ.

തൃക്കരിപ്പൂരിലും ചെറുവത്തൂരിലും സീറ്റ് ചർച്ച വഴിമുട്ടി എൽ.ഡി.എഫും യുഡിഎഫും; സ്ഥാനാർത്ഥി നിർണ്ണയത്തിൽ കോൺഗ്രസ്സിൽ പോര്

കാസർകോട്:തദ്ദേശ തെരഞ്ഞെടുപ്പിനുള്ള തീയ്യതി പ്രഖ്യാപിച്ചതോടെ സീറ്റ് വിഭജന ചർച്ചയും സ്ഥാനാർത്ഥി നിർണ്ണയവും സജീവമാക്കി ഇടത്-വലത് മുന്നണികളും ബി.ജെ.പിയും.

എന്നാൽ സീറ്റ് വിഭജനത്തെ ചൊല്ലി ചിലയിടങ്ങളിൽ എൽ.ഡി.എഫിലും യു.ഡി.എഫിലും രൂക്ഷമായ തർക്കം ഉടലെടുത്തതിനെ തുടർന്ന് ഇവിടങ്ങളിൽ ചർച്ച വഴിമുട്ടി നിൽക്കുകയാണ്.തെരഞ്ഞെടുപ്പ് തീയ്യതി പ്രഖ്യാപിക്കും മുമ്പേ തന്നെ എൽ.ഡി.എഫും യു.ഡി.എഫും സീറ്റ് വിഭജന ചർച്ചകൾ ആരംഭിച്ചിരുന്നു. എന്നാൽ എൽ.ഡി.എഫിന് സീറ്റ് വിഭജന ചർച്ച കീറാമുട്ടിയായത് തൃക്കരിപ്പൂർ പഞ്ചായത്തിലാണ്. യു.ഡി.എഫിന്റെ പ്രത്യേകിച്ച് മുസ്ലീംലീഗിന്റെ ശക്തികേന്ദ്രമാണ് തൃക്കരിപ്പൂർ. ഇവിടെ സി.പി.എമ്മിന് ശക്തമായ അടിത്തറ ഇല്ലാത്ത വാർഡുകളിൽ പോലും ഘടക കക്ഷികളെ പരിഗണിക്കാതെ സി.പി.എം പിടിവാശി കാണിക്കുന്നുവെന്നാണ് സി.പി.ഐ, ഐ.എൻ.എൽ പാർട്ടി പ്രവർത്തകരുടെ ആക്ഷേപം. ഈ രണ്ട് പാർട്ടികൾക്കും മത്സരിക്കാൻ കാര്യമായ വാർഡുകൾ നൽകാത്തതിനെത്തുടർന്ന് സീറ്റ് വിഭജന ചർച്ച വഴിമുട്ടിയിരിക്കുകയാണ്.ഇന്ന് വീണ്ടും ചർച്ച നടക്കും. എന്നാൽ ആ ചർച്ചയിലും തീരുമാനമായില്ലെങ്കിൽ സ്വന്തം നിലക്ക് മത്സരിക്കുമെന്നാണ് ഈ പാർട്ടികൾ എൽ.ഡി.എഫ് നേതൃത്വത്തിന് മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.സീറ്റ് വിഭജനത്തെ ചൊല്ലി .യു.ഡി.എഫിൽ തർക്കം നിലനിൽക്കുന്നത് ചെറുവത്തൂർ പഞ്ചായത്തിലാണ്. പഞ്ചായത്തിലെ പതിനാലാം വാർഡായ കാടങ്കോടിനെ ചൊല്ലിയാണ് മുസ്ലീംലീഗ് -കോൺഗ്രസ് തർക്കം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥി വിജയിച്ച വാർഡാണിത്. ഇപ്പോൾ മുസ്ലീംലീഗ് ഇതിന് വേണ്ടി അവകാശവാദമുന്നയിച്ചതോടെയാണ് തർക്കം രൂക്ഷമായത്. ഈ വാർഡിലാണ് കൂടുതൽ വോട്ടുകൾ ഉള്ളതെന്ന കണക്ക് നിരത്തി മുസ്ലീംലീഗ് വാദിക്കുന്നു. എന്നാൽ നിലവിലെ സ്ഥിതി തുടരണമെന്നാണ് കോൺഗ്രസിന്റെ വാദം. കഴിഞ്ഞ ദിവസം ചേർന്ന പഞ്ചായത്ത്തല യു.ഡി.എഫ് യോഗത്തിൽ ഇതു സംബന്ധിച്ച് തീരുമാനമാകാത്തതിനെ തുടർന്ന് പ്രശ്നം മേൽക്കമ്മിറ്റിക്ക് വിട്ട് കാത്തിരിക്കുകയാണ്. പതിനേഴംഗ ചെറുവത്തൂർ പഞ്ചായത്ത് ഭരണ സമിതിയിൽ നിലവിൽ കോൺഗ്രസിന് മൂന്നും ലീഗിന് രണ്ടും പ്രതിനിധികളാണുള്ളത്.അതേസമയം സ്ഥാനാർത്ഥി നിർണ്ണയം തുടങ്ങിയതോടെ കോൺഗ്രസിൽ പതിവുപോലെ ഗ്രൂപ്പുപോരും രൂക്ഷമായി. വാർഡ് തലത്തിൽ കൺവെൻഷൻ വിളിച്ചു ചേർത്ത് സ്ഥാനാർത്ഥികളെ തീരുമാനിക്കണമെന്നാണ് കെ.പി.സി.സി നിർദ്ദേശം. ഒന്നിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കപ്പെട്ടാൽ മേൽക്കമ്മിറ്റികളാണ് സ്ഥാനാർത്ഥി നിർണ്ണയം നടത്തുകയെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ വാർഡ് തലത്തിൽ സ്ഥാനാർത്ഥികളെ കണ്ടെത്തുന്നതാണ് ഗ്രൂപ്പ് പോരിന് ശക്തിയാവുന്നത്. സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവർ ചേരി തിരിഞ്ഞ് പ്രവർത്തകരെ യോഗങ്ങളിൽ എത്തിക്കുന്നതാണ് ഗ്രൂപ്പു പോരിനും ഏറ്റുമുട്ടലിനും കാരണമായി തീരുന്നത്. കോൺഗ്രസിന് വിജയ സാധ്യതയുള്ള സീറ്റുകളിലേക്ക് ജില്ലയിലെ മിക്ക വാർഡുകളിൽ നിന്നും ഒന്നിലേറെ സ്ഥാനാർത്ഥികളുടെ പേരുകളാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്ഥാനാർത്ഥി നിർണ്ണയത്തെ ചൊല്ലി ബി.ജെ.പിയിലും അഭിപ്രായ ഭിന്നത ഉടലെടുത്തിട്ടുണ്ടെന്നാണ് സൂചന.

മാലിന്യങ്ങൾ ചാക്കിൽക്കെട്ടി ടൗണിൽ അട്ടിവയ്ക്കുന്നു; രാത്രി പുഴ നികത്താൻ ഉപയോഗിക്കുന്നതായി സംസാരം

കാസർകോട്: സർക്കാരിന്റെയും അധികൃതരുടെയും ഉത്തരവുണ്ടായാൽ കോവിഡ് പമ്പ കടക്കുമെന്ന സമീപനം ജില്ലയിൽ കോവിഡ് ആശങ്ക വർധിപ്പിക്കുന്നു.

കോവിഡ് വ്യാപനത്തിനു മാലിന്യങ്ങൾക്കും പങ്കുണ്ടെന്ന കണ്ടെത്തലുകൾ തുടർന്നു കൊണ്ടിരിക്കെ കാസർകോടു മുനിസിപ്പാലിറ്റി, റോഡുകളിൽ തള്ളുന്ന മാലിന്യങ്ങൾ ശേഖരിച്ചു ചാക്കിൽക്കെട്ടി റോഡ് സൈഡിലെ മരങ്ങൾക്കു ചുവട്ടിലും കടകൾക്കരികിലും അട്ടി വയ്ക്കുന്നു.രാത്രികാലങ്ങളിൽ ഇവ നീക്കം ചെയ്യുന്നുണ്ടെങ്കിലും ടൗണിന്റെ വിവിധ ഭാഗങ്ങളിൽ ദിവസവും അട്ടിവയ്ക്കുന്ന ഈ മാലിന്യങ്ങൾ എവിടെക്കൊണ്ടു തള്ളുന്നുവെന്നത് ആശങ്ക വർധിപ്പിക്കുന്നുണ്ട്.ടൗണിലെ അഴിമുഖത്തിനടുത്തുൾപ്പെടെയുള്ള പുഴ കൈയേറ്റത്തിന് ഇവ ഉപയോഗിക്കുന്നുണ്ടെന്നു നേരത്തെ പരാതിയുണ്ട്. ഇനി അങ്ങനെയല്ലെങ്കിൽ ടൺകണക്കിനു മാലിന്യം പിന്നെ ദിവസവും എവിടെത്തള്ളുമെന്ന ചോദ്യം ബാക്കി നിൽക്കുന്നു.



കാസർകോട് ടൗണിലെ മാലിന്യങ്ങൾ ചാക്കിൽ കെട്ടി അട്ടിവച്ച നിലയിൽ. ടൗണിലെ പല ഭാഗങ്ങളിലും ഇതു പതിവു കാഴ്ചയാണ്.

മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനു മുനിസിപ്പാലിറ്റി എട്ടു ബയോഗ്യാസ് പ്ലാന്റുകളും 500 വീടുകളിൽ ജൈവ മാലിന്യ ഉറവിട സംരക്ഷണ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്. ഇതിനു പുറമെ അത്യാധുനിക മാലിന്യപ്ലാന്റ് സ്ഥാപിക്കുന്നതിന് അഞ്ചേക്കർ സ്ഥലം 10 വർഷം മുമ്പു വാങ്ങിയിരുന്നതായും പറയുന്നു. അതും പോരാഞ്ഞിട്ടു പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഒരു യൂണിറ്റും സ്ഥാപിച്ചിരുന്നു. ഇവയുടെ ഇപ്പോഴത്തെ അവസ്ഥ ആരും തിരിഞ്ഞു നോക്കുന്നില്ല. വിദ്യാനഗറിലെ സംസ്ക്കരണ യൂണിറ്റിന്റെ പുകക്കുഴലും പ്ലാസ്റ്റിക് ഉരുക്കുന്ന ഇരുമ്പുപേടകവും നിർമ്മാണത്തിലെ മികവു കൊണ്ട് ഉരുകിപ്പോയതായി പറയുന്നുണ്ട്.

'യുവാക്കളോടുള്ള പ്രാകൃത സമീപനത്തിന് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ തിരിച്ചടി കിട്ടും'

കാസർകോട്: യുവജന സമരങ്ങളെ പ്രാകൃതമായി നേരിട്ട സർക്കാരിനെതിരെയുള്ള തിരിച്ചടിയായിരിക്കും പഞ്ചായത്തു തിരഞ്ഞെടുപ്പ് ഫലമെന്ന് ഡിസിസി പ്രസിഡണ്ട് ഹക്കീം കുന്നിൽ പറഞ്ഞു. യൂത്ത് കോൺഗ്രസ് മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി യുവ സമൂഹത്തെ മുന്നോട്ട് കൊണ്ടുവരുന്നതിന് കോൺഗ്രസ് പ്രത്യേക പരിഗണന നൽകുമെന്നും അദ്ദേഹം പറഞ്ഞു. ബി.മുബാറക്ക് ആധ്യക്ഷം വഹിച്ചു. കെ.കെ.രാജേന്ദ്രൻ, കരുൺ താപ്പ, സി.വി. ജെയിംസ്, കെ.ഖാലിദ്, മനാഫ്, ഇ. ഷജീർ, ഉസ്മാൻ, മാത്യു, ഉദ്ദേശ്, സാജിദ്, ജോബിൻ സണ്ണി, ഫയാസ് ഫിറോസ് പ്രസംഗിച്ചു.

യൂത്ത് കോൺഗ്രസ് കാസർകോട് മണ്ഡലം കൺവെൻഷൻ ഡി സി സി പ്രസിഡന്റ് ഹക്കീം കുന്നിൽ ഉദ്ഘാടനം ചെയ്യുന്നു

കല്യാൽ മുച്ചിലോട്ട് ക്ഷേത്രം പുനരുദ്ധാരണം

കാഞ്ഞങ്ങാട്: നൂറ്റാണ്ടുകളോളം പഴക്കമുള്ള കാഞ്ഞങ്ങാട് കിഴക്കുംകര കല്യാൽ മുച്ചിലോട്ട് ഭഗവതി ക്ഷേത്രം പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മരപ്പണി ആരംഭിച്ചു. ചടങ്ങിൽ ക്ഷേത്രേശൻമാർ, കുഞ്ഞി നാരായണൻ നായർ, പുരുഷോത്തമൻ, ജനറൽ കൺവീനർ രത്നാകരൻ, ഗംഗാധരൻ, റെജി, സുരേന്ദ്രൻ പങ്കെടുത്തു

WANTED
- FIELD SALES EXECUTIVES
- FREELANCER
- DISTRIBUTORS

CONTACT :
8497023637
7760954014

പാർസൽ കമ്പനി ഓഫീസിലേക്ക് ലോഡിങ്ങ് ആന്റ് അൺ ലോഡിങ്ങിന് ആളെ ആവശ്യമുണ്ട്

കേരളത്തിലെ പ്രശസ്തമായ ഒരു കമ്പനിക്ക് കോഴിക്കോട്ടെ പാർസൽ കമ്പനി ഓഫീസിലേക്ക് ലോഡിങ്ങ് ആന്റ് അൺലോഡിങ്ങിന് ആളെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളം. പ്രായ പരിധിയില്ല. താമസ സൗകര്യമുണ്ട്.

ബന്ധപ്പെടേണ്ട മൊബൈൽ നമ്പറുകൾ:
9895153838, 7012656662

Vol -27, Issue No -214 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com